**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4370** **18-07-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ഗ്രാന്റ് വൈകുന്നതും ഫണ്ട് ലഭ്യതക്കുറവും കാരണം റിസ്ക് ഫണ്ട് പദ്ധതി അവതാളത്തിലായിരിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും അർഹതപ്പെട്ട വായ്പാക്കാർക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് നാളിതുവരെ യാതൊരു സാമ്പത്തിക ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എല്ലാ വർഷവും സർക്കാർ ഗ്രാന്റ് ബോർഡിന് ലഭ്യമാക്കുന്നു. സർക്കാർ ഗ്രാന്റും, വായ്പാക്കാരിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് പ്രീമിയം തുകയും ചേർത്താണ് അർഹതപ്പെട്ട വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായവും മരണാന്തര സഹായവും, അനുവദിച്ചുവരുന്നത്. |
| (ബി) | 2022 ജൂൺ 30 വരെ എത്ര അപേക്ഷകളാണ് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ചത്; ഇതിൽ എത്രയെണ്ണം വിതരണം ചെയ്തു; ഇനി എത്രയെണ്ണം തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ട്; വിശദമാക്കാമോ; | (ബി) | കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി 30.06.2022 വരെ 118759 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 85128 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ 11799 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 5048 അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകൾ/സംഘങ്ങൾക്ക് കത്ത് അയച്ചിട്ടുണ്ട്. ബാക്കിനിൽപ്പുള്ള 16784 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>ബോർഡിൽ ജീവനക്കാരുടെ കുറവ് ഉണ്ടായിരുന്നത് ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ഫയലുകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ